RESEARCH ARTICLE

INDIAN JOURNAL OF
MULTILINGUAL RESEARCH AND DEVELOPMENT

Asian Research Association

DOI: 10.34256/ijmrd2015

# An exploration of the Logic and wisdom behind the Marriage of the Dead

## മരിച്ചവരുടെ കല്യാണം - യുക്തിയും ജ്ഞാനവും ഒരന്വേഷണം

**R. Chandrabose** [a,*]

[a] Department of Malayalam, School of Languages and Comparative Literature, Central University of Kerala, Kerala – 671316, India
*Corresponding author Email: bosebosechandra@gmail.com
DOI: https://doi.org/10.34256/ijmrd2015
Published: 26-01-2021s

**Abstract:** Kasargod is the North East district of Kerala and shares a border with Karnataka, 'Marriage of the dead is a custom among the tribal communities known as Moger and Koppalar. In this paper, the logic behind this practice and the wisdom that civil society should embody from it will be found.

**Keywords:** Marriage of the dead, Tulu language, Ritual, Memory, Magic.

**Language:** Malayalam

---

## About the Author



**Dr. R. Chandrabose,** working as an Assistant professor in the Department of Malayalam, under School of languages and comparative literature, Central University of Kerala, The Central University of Kerala is located in Kasargod, a district of Kerala, came into being in2009, under the central universities act 2009. Dr.R.Chandrabose authored three books in Malayalam, Myth and modern Malayalam poetry, Nation of poetry, Book of life and death.

---

## ആമുഖം

ആചാരാനുഷ്ഠാനങ്ങളിൽ ഗോത്രത്തനിമ കാത്തുസൂക്ഷിക്കുന്നവരാണ് കേരള കർണ്ണാടക അതിർത്തിഗ്രാമങ്ങളിൽ അധിവസിക്കുന്ന ജനസമൂഹം. മൊഗേർ, കോപ്പാളർ എന്നീ ഗോത്രസമൂഹങ്ങൾ ആചരിച്ചു പോരുന്ന, അതിനിഗൂഢമായ ആചാരങ്ങളിലൊന്നാണ് മരിച്ചവരുടെ കല്യാണം അഥവാ പരേതരുടെ മദുമേ (തുളുവിൽ മദുമേയ്ക്ക് വിവാഹം എന്നർത്ഥം). നാഗരികസമൂഹത്തിന് ഈ ആചാരത്തിൽ നിന്ന് പലതും പഠിക്കുവാനുണ്ട്. മരിച്ചവരുടെ ഓർമ്മകളെ കുഴിവെട്ടിമൂടി അതിേൽ തിമിർത്തുമദിക്കുന്ന സ്വാർത്ഥതല്പരർക്ക്, വൃദ്ധരെ ചവറ്റുകൂനയിലേക്കും അനാഥാലയങ്ങളിലേക്കും നടതള്ളുന്ന ഇന്നത്തെ തലമുറയ്ക്ക്, മരണാസന്നരെ 'തലൈക്കൂതൽ' നടത്താൻ ഒത്താശ ചെയ്യുന്നവർക്കൊക്കെ ഗോത്രസംസ്കാരത്തിന്റെ സവിശേഷമായ ഈ ആചാരത്തിൽ നിന്ന് പലതും പഠിക്കുവാനുണ്ട്. മരിച്ചവരുടെ കല്യാണം എന്ന പേരിൽ മൊഗേർ സമുദായം നടത്തിവരുന്ന നിഗൂഢവും മന്ത്രവാദതുല്യവും കളിമട്ടിലുള്ളതുമായ ഈ ആചാരത്തിന്റെ പൊരുളുകൾ അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ. തനിദ്രാവിഡമെന്നു

പറയാവുന്ന ആചാരാനുഷ്ഠാനങ്ങൾ പിന്തുടരുന്നവരാണ് കോപ്പാളൻ, മൊഗേർ എന്നിവർ. നൽക്കെദയാർ എന്ന പേരിൽ അറിയപ്പെടുന്ന കോപ്പാളർ എന്ന ഗോത്രസമൂഹം മഞ്ചേശ്വരം, പൈവിളക, പിത്തിംഗെ, മംഗൽപാടി, ബെള്ളൂർ, എൻമകജെ, വോർക്കാടി എന്നീ അതിർത്തി ഗ്രാമങ്ങളിലും മധൂർ, കാസർകോട് പ്രദേശങ്ങളിലുമാണ് അധിവസിക്കുന്നത്.

പരമ്പരാഗത കരകൗശലതൊഴിലുകളായ പാളത്തൊപ്പി, കൊരമ്പ, മുറം ഇവയുടെ നിർമ്മാണത്തിലേർപ്പെടുന്നവരും അതിലൂടെ ഉപജീവനം തേടുന്നവരുമാണ് കോപ്പാളരിലെ ഒരു വിഭാഗം. തെയ്യം കെട്ടുന്നവരും ഉണ്ട്. പഞ്ചുരുളി, ജോഗിതെയ്യം, കല്ലൂർട്ടി, ബല്ലറിയൻ എന്നിവ ഇവർക്കിടയിൽ കെട്ടിയാടുന്ന തെയ്യങ്ങളാണ്. പാഡ്ദണകൾ എന്നറിയപ്പെടുന്ന പാട്ടുകളിലും തോറ്റംപാട്ടുകളിലും ഇവരുടെ ജീവിതരീതിയും സംസ്കാരവും പ്രതിഫലിക്കുന്നുണ്ട്. വംശീയമായ ചികിത്സാവിധികൾ പിന്തുടരുന്ന ഇവരുടെ ഭാഷ തുളുവിന്റെയും മലയാളത്തിന്റെയും പ്രാദേശികഭേദം കലർന്നവയാണ്. മീൻപിടിത്തം, വലനെയ്ത്ത്, ചണകൃഷി എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന മൊഗേർ വിജയനഗരസാമ്രാജ്യത്തിന്റെ ആധിപത്യകാലത്ത് കർണാടകത്തിൽ നിന്ന് കുടിയേറിയവരാണ് എന്ന് ചരിത്ര-നരവംശ ശാസ്ത്രപണ്ഡിത◌ാർ പറയുന്നു. മലനിരകളിലും തീരപ്രദേശങ്ങളിലും ഇവർ അധിവസിക്കുന്നുണ്ട്. മരുമക്കത്തായം പിന്തുടരുന്ന ഇവർക്ക് ഗോത്രാധിഷ്ഠിതകുടുംബഘടനയാണുള്ളത്. ആചാരാനുഷ്ഠാനങ്ങളിലും പരമ്പരാഗത വിശ്വാസങ്ങളിലും തുടർച്ചയും ഇടർച്ചയും പ്രകടിപ്പിക്കുന്ന നിരവധി വിഭാഗങ്ങൾ ഇവർക്കിടയിലുണ്ട് (Figure 1).



**Figure 1** Photo of the Marriage of the dead

## മരിച്ചവരുടെ കല്യാണം

ഇവരിൽ ചില കുടുംബങ്ങൾ മാത്രം അനുഷ്ഠിച്ചുവരുന്ന ആചാരമാണ് മരിച്ചവരുടെ കല്യാണം. മുൻപ് ഇവർക്കിടയിൽ വ്യാപകമായി ഇത് നടത്തിയിരുന്നു. എന്നാൽ പുതുതലമുറ പരിഷ്കാരം നേടിയതോടുകൂടി ബാലിശവും അയുക്തികവുമെന്നു പറഞ്ഞ് ഇതിനെ തള്ളിക്കളയുന്നു. എങ്കിലും ചിലർ ഇപ്പോഴും ഇത് നടത്തിപ്പോരുന്നുണ്ട്. വിവാഹപ്രായമെത്തും മുമ്പോ ചെറിയ പ്രായത്തിലോ മരണമടഞ്ഞവർ അദൃശ്യലോകത്ത് വളർന്ന് യൗവനയുക്തരാകുന്നു എന്നാണ് ഇവരുടെ വിശ്വാസം. വിവാഹപ്രായമെത്തുമ്പോൾ ഇവർക്ക് ഇണങ്ങുന്ന ആത്മാവിനെ കണ്ടെത്തി 'മദുമേ' നടത്തുന്നു. അങ്ങനെ മരിച്ചവരും ജീവിച്ചിരിക്കുന്നവരും ഒരുപോലെ കൃതാർത്ഥരാവുന്നു. ചെറുപ്രായത്തിലേ മരിച്ചുപോയവരുള്ള കുടുംബത്തിൽ ഏതെങ്കിലും

തരത്തിലുള്ള അനിഷ്ടസംഭവങ്ങളുണ്ടാകുമ്പോഴാണ് വിവാഹത്തെക്കുറിച്ചുള്ള ആലോചനകൾ തുടങ്ങുക. അത് കൃഷിനാശം, സ്വത്തുതർക്കം, വിവാഹതടസ്സം, രോഗദുരിതങ്ങൾ ഇവയിലെന്തെങ്കിലും ആവാം. ഇങ്ങനെ എന്തെങ്കിലും സംഭവിക്കുമ്പോൾ അവർ ജ്യോതിഷികളെ സമീപിക്കുന്നു. മരിച്ചുപോയവരുടെ ആത്മാക്കൾ അശാന്തരായി അലയുന്നുവെന്നും അവർക്ക് വിവാഹകർമ്മം നടത്തി സുഖവും സമാധാനവും ഒരുക്കണമെന്നും ജ്യോതിഷപ്രശ്നത്തിൽ തെളിയുമത്രേ, മൊഗേർ വിഭാഗത്തിൽപ്പെട്ടവർ ബ്രാഹ്മണജ്യോതിഷികളെയാണ് പ്രശ്നനോട്ടത്തിനായി സമീപിക്കുന്നത്. എന്നാൽ കോപ്പാളർക്കിടയിൽ ജ്യോതിഷം, മന്ത്രം ഇവയൊക്കെ പഠിച്ചവരുണ്ട്. പ്രശ്നവിധിയനുസരിച്ച് മരിച്ചവരുടെ കല്യാണത്തിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുന്നു. വരനോ, വധുവോ സ്വജാതിയിൽ നിന്നുവേണമെന്നു നിർബന്ധമാണ്. സാധാരണവിവാഹം പോലെ തന്നെയാണ് പൊരുത്തവും പ്രായവുമൊക്കെ നോക്കുക. എല്ലാ ചേർച്ചയും ഒത്തുവന്നാൽ കല്യാണം ചോദിച്ച് ചടങ്ങ് നടത്തുവാനുള്ള തീയ്യതി കുറിക്കും. വെറ്റിലടക്കയും പൈസയും വെച്ചാണ് നിശ്ചയചടങ്ങ് നടത്തുന്നത്. കാട്ടുവെറ്റില തന്നെ വേണം. അടക്കയ്ക്കുപകരം ഈന്തിന്റെ കായ ഉപയോഗിക്കും. വരനും വധുവും ഇഹലോകത്ത് ഇല്ലാത്തതുകൊണ്ടുതന്നെ സ്ത്രീധനത്തിന്റെ ആവശ്യമില്ല. എങ്കിലും വിവാഹബന്ധം ഉറപ്പിയ്ക്കലിന്റെ മുന്നോടിയായി നയപൈസ നൽകുന്ന പതിവുണ്ട്. മൊഗേർക്ക് കല്യാണനിശ്ചയം അത്ര പ്രധാനമല്ല. പൊരുത്തം നോക്കി തീയ്യതികുറിച്ചാൽ പിന്നെ വധൂഗൃഹത്തിൽ വെച്ചാണ് വിവാഹചടങ്ങ്.

## ചടങ്ങുകൾ

ചടങ്ങുകൾ കളിമട്ടിലുള്ളതും പ്രതീകാത്മകവുമാണ്. ആദ്യം പന്തലിടുന്നു. വിളക്കു കത്തിച്ചുവയ്ക്കുന്നു. മൊഗേർ നടത്തുന്ന വിവാഹത്തിൽ പാലമരത്തിന്റെ ശിഖരം പന്തൽതൂണായി സങ്കല്പിച്ച് ചെളിയിൽ പുതച്ചുനാട്ടും. വാഴയിലയിൽ അരി, തേങ്ങ, അഞ്ചെറ്റില, അടക്ക, ഒരു രൂപനാണയം എന്നിവ വിളക്കിനുമുന്നിൽ ഒരുക്കിവയ്ക്കുന്നു. തുടി കൊണ്ടുള്ള ചെറിയ വാദ്യഘോഷവും ഉണ്ടാവും. കോപ്പാളർ തുളുഭാഷയിലുള്ള മന്ത്രങ്ങൾ ചൊല്ലും. മൊഗേർക്ക് മന്ത്രങ്ങളില്ല. പകരം തുളുവിലുള്ള പ്രാർത്ഥനയാണ്. 105 രൂപയും പുടവയും പെൺവീട്ടുകാർ ആൺകൂട്ടർക്ക് നൽകുന്നു. ഇരുഭാഗത്തുനിന്നും പത്തുപേർവീതം ചടങ്ങിൽ പങ്കെടുക്കണം എന്നാണ് വ്യവസ്ഥ. ഇരുഭാഗത്തും ഓരോ പരികർമ്മികളും ഉണ്ടാവും. ചെറുക്കന്റെയും പെണ്ണിന്റെയും അമ്മാവ◌ാർ ചടങ്ങിൽ കൃത്യമായും പങ്കെടുക്കണമെന്നും വ്യവസ്ഥയുണ്ട്. വരന്റെയും വധുവിന്റെയും സ്ഥാനത്ത് അവരെ സങ്കല്പിച്ച് നിർമ്മിക്കുന്ന പ്രതിമകളാണ്. പുല്ല്, വൈക്കോൽ, തടി ഇവകൊണ്ടാണ് വധൂവര◌ാരുടെ പ്രതിമകൾ ചമയിച്ചെടുക്കുക. മദിമളേയും (വധു) മദിമയേയും (വരൻ) പ്രതിമാരൂപത്തിൽ അലങ്കരിച്ച് അവരുടെ ആത്മാവിനെ മന്ത്രോച്ചാരണത്തിന്റെ അകമ്പടിയോടെ അതിലേക്ക് ആവാഹിക്കുന്നു. മന്ത്രവാദം പോലെയാണ് ആവാഹനം. ശരിക്കും കളിമട്ടിലുള്ള വിവാഹം പോലെയാണ് ചടങ്ങുകൾ.

## നേരിൽ കണ്ട ചടങ്ങ്

മൂന്നുവർഷം മുമ്പ് (2017, ഒക്ടോബർ 29) മൊഗേർ നടത്തുന്ന മരിച്ചവരുടെ മദുമേ ചടങ്ങ് ലേഖകൻ നേരിൽ കാണാൻ അവസരമുണ്ടായി. സാധാരണപുറത്തുനിന്നുള്ളവരെ ഇത് കാണാനോ പങ്കെടുക്കാനോ അവർ അനുവദിക്കുകയില്ല. എന്റെ ഒരു വിദ്യാർത്ഥി ഈ സമുദായത്തിൽപ്പെട്ട ആളായതുകൊണ്ടും അവന്റെ ബന്ധത്തിൽപ്പെട്ട ഒരു വീട്ടിലായിരുന്നു ഈ ചടങ്ങ് നടന്നത് എന്നതുകൊണ്ടുമാണ് അവരുടെ കൂട്ടത്തിൽ ഒരാളെപ്പോലെ ഇതിൽ പങ്കെടുക്കാൻ കഴിഞ്ഞത്. കാസർകോട് ബദിയടുക്ക പഞ്ചായത്തിൽ ഉക്കിനടുക്കയിൽ സോമന്റെയും ശാന്തയുടെയും മകൻ ഇരുപത്തിയാറ് വർഷം മുമ്പു രണ്ടാമത്തെ വയസ്സിൽ മരണമടഞ്ഞ ഉമേഷിന്റെയും

പള്ളത്തടുക്കയിൽ കൃഷ്ണന്റെയും സുന്ദരിയുടെ മകൾ ഇരുപതുവർഷം മുമ്പു ഒന്നരവയസ്സിൽ മരിച്ച സുകന്യയുടെയും വിവാഹമായിരുന്നു അന്ന്.

വിവാഹദിവസം രാവിലെ വരന്റെ ആത്മാവിനെ ആവാഹിച്ചെടുത്ത ശില്പത്തിൽ പുതുവസ്ത്രം, തലപ്പാവ്, കുറി, മാല എന്നിവ ചാർത്തി അണിയിച്ചൊരുക്കി. തുടർന്ന് വധൂഗൃഹത്തിലേക്കു പുറപ്പെട്ടു. സംഘത്തിൽ സമുദായകാർമ്മികനും, വരന്റെ പിതാവും അമ്മാവനും അടുത്ത ബന്ധുക്കളും ഉൾപ്പെട്ടെ പത്തോളം പേരുണ്ടായിരുന്നു. ഓട്ടോറിക്ഷയിൽ കയറി ബദിയടുക്ക പഞ്ചായത്തിലെ പള്ളത്തടുക്കയിലുള്ള വധുവിന്റെ വീട്ടിലെത്തി. അവിടെ ലളിതമായ ഒരുക്കങ്ങൾ. ചെറിയ വീടിന്റെ മുറ്റത്ത് ടാർപാളിൻ വലിച്ചുകെട്ടി കസേരകൾ നിരത്തിയിരിക്കുന്നു. മുറ്റത്ത് അടുപ്പിൽ സദ്യയ്ക്കുള്ള വിഭവങ്ങൾ തയ്യാറാക്കുന്നു. പ്രതിമാരൂപത്തിലെത്തിയ മദിമായേയും ബന്ധുക്കളെയും പെൺവീട്ടുകാർ സ്വീകരിച്ചിരുത്തി. പാലമരത്തിന്റെ ശിഖരം പന്തൽതൂണായി സങ്കല്പിച്ച് ചെളിയിൽ പുതച്ചുനാട്ടിയിരിക്കുന്നു. അതിനുചുവടെ ചാണകംമെഴുകിയ തറയിൽ പായ വിരിച്ച് പരികർമ്മികളും മദിമാളുടെയും മദിമായുടെയും അച്ഛാരും ബന്ധുക്കളും അഭിമുഖമിരുന്ന് വിവാഹസമ്മതം കൊടുക്കുന്ന ചടങ്ങാണ് ആദ്യം. വെറ്റിലടക്കയും പണവും ഇലക്കീറിൽ വെച്ച് വരന്റെ ബന്ധുക്കൾ വധൂബന്ധുക്കൾക്ക് കാഴ്ച സമർപ്പിച്ചു. അവർ തമ്മിലുള്ള ആശയവിനിമയം തുളുവിലാണ്. ശിശുവായിരിക്കെ മരിച്ചുപോയെങ്കിലും അദൃശ്യലോകത്ത് വളർന്ന് യൗവനയുക്തരായി, വിവാഹപ്രായമെത്തിയവർ 'ഗണ്ടണി'യും (ഭർത്താവ്) ഭടുതി (ഭാര്യ)യുമായി അതീത ലോകത്ത് സന്തോഷത്തോടെ ജീവിക്കട്ടെ എന്ന് ഇരുകൂട്ടരും ചേർന്ന് തീരുമാനമെടുത്തു. തുടർന്ന് തുളുഭാഷയിലെ പ്രാർത്ഥനകൾ ഇരുകൂട്ടരും ചേർന്ന് ചൊല്ലുന്നു. തെയ്യങ്ങൾക്ക് മദ്യം തളിച്ച് കലശം അർപ്പിക്കുന്നു. തുടർന്ന് അണിയിച്ചൊരുക്കിയ വധൂവിഗ്രഹത്തെ വരന്റെ പ്രതിമയ്ക്കടുത്ത് ഇരുത്തി. മാലയിടീലും താലികെട്ടുമെല്ലാം വരന്റെയും വധുവിന്റെ ഏറ്റവും അടുത്ത ബന്ധുക്കൾ ചേർന്ന് നിർവഹിക്കുന്നു. ചെത്തിപ്പൂവും അരിയും എറിഞ്ഞ് വധൂവരാരെ ആശീർവദിച്ചു. ബന്ധുക്കൾ ഒന്നിച്ചിരുന്ന് കല്യാണസദ്യയുണ്ടു. വരന്റെ വീട്ടിലേക്ക് വധുവിനെ യാത്രയാക്കുന്ന ചടങ്ങായിരുന്ന ഒടുവിൽ. വധൂവിഗ്രഹം വരന്റെ കൂട്ടരെ ഏല്പിച്ചു. വധൂവരാരുടെ പ്രതിമകളുമായി വരന്റെ വീട്ടിലെത്തിയാൽ കുടിയിരുത്തുന്ന ചടങ്ങുണ്ട്. രാത്രിയിലാണ് കുടിയിരുത്തൽ. പാലുള്ള വൃക്ഷത്തിന്റെ ചുവട്ടിൽ കുടിയിരുത്തണമെന്നാണ് മൊഗേർക്കിടയിലെ വിശ്വാസം. വീട്ടുപറമ്പിൽ പാലമരച്ചുവട്ടിൽ മദിമാൾക്കും മദിമായ്ക്കും കുടിയിരിക്കാൻ ചെത്തിവെടിപ്പാക്കി തറ ഒരുക്കിയിരിക്കുന്നു. പ്രതിമകൾ അവിടെ പ്രതിഷ്ഠിച്ച് സന്തോഷകരമായ ജീവിതം നേർന്ന് പ്രാർത്ഥനകളോടെ മടങ്ങുമ്പോൾ ഏതോ കനപ്പെട്ട ഭാരം ഇറക്കിവെച്ചതുപോലെ ആശ്വാസംകൊള്ളുന്ന മുഖഭാവം ബന്ധുക്കൾക്ക്. ഇഹലോകം പോലെ പരലോകവും ഉണ്ടെന്നും മരണത്തിലൂടെ തങ്ങളെ വേർപെട്ടുപോയ പ്രിയജനങ്ങൾ ദുഃഖത്തിലും ഏകാന്തതയിലും കഴിയാൻ പാടില്ല എന്നും ഈ ഗോത്രമനുഷ്യർ ഇഹലോകത്തിരുന്ന് തീരുമാനിക്കുന്നു. ഭൗതികലോകം പോലെ ഭൗതികേതര ലോകവും സത്യമാണെന്ന ആദിമജനതയുടെ വിശ്വാസത്തിന്റെ തുടർച്ച, മരണമെന്ന നിഗൂഢതയെ തോല്പിക്കുന്ന അനുഷ്ഠാനം അതത്രേ 'മരിച്ചവരുടെ കല്യാണം'.

## ഓർമ്മകളുടെ കല

അനുഷ്ഠാനമെന്നോ മന്ത്രവാദമെന്നോ ഏതുതരത്തിൽ ഈ ചടങ്ങിനെ വിലയിരുത്തിയാലും നാഗരികസമൂഹത്തിനുമുന്നിൽ ഈ ഗോത്രത്തുടർച്ചയുടെ അനുഷ്ഠാനം ചില മാനവികദർശനങ്ങൾ മുന്നോട്ടുവയ്ക്കുന്നു എന്നു പറയാം. ആദിമജനതയുടെ അതിഭൗതികദർശനങ്ങളാണ് ഈ അനുഷ്ഠാനത്തിൽ പ്രതിഫലിക്കുന്നത്. അമാനുഷശക്തികളിലുള്ള വിശ്വാസത്തിന്റെ പ്രകടഭാവങ്ങളാണ് അനുഷ്ഠാനങ്ങൾ. പ്രകൃതിശക്തികൾക്കു മുന്നിൽ നടത്തുന്ന സമർപ്പണത്തിന്റെ സ്വഭാവം അനുഷ്ഠാനങ്ങൾക്കുണ്ട്. അനുഷ്ഠാനാത്മകസ്വഭാവം ഈ ചടങ്ങിനുമുണ്ട്. മിക്കവാറും എല്ലാ അനുഷ്ഠാനങ്ങളിലും ഉള്ളതുപോലെ ആരാധനകൾ, പ്രതീകാത്മകമുദ്രകൾ എന്നിവ

ഇവയിലും കാണാം. Myth in primtive psychology എന്ന ഗ്രന്ഥത്തിൽ മലിനോവ്സ്കി പറഞ്ഞിട്ടുള്ളതുപോലെ പുരാവൃത്തങ്ങൾക്കും അവയുടെ ഭാഗമായ അനുഷ്ഠാനങ്ങൾക്കും സാമൂഹികവും സാംസ്കാരികവുമായ ധർമ്മങ്ങളുണ്ട്. അന്യാപദേശരൂപേണ ഒരു തത്ത്വശാസ്ത്രത്തെ അവതരിപ്പിക്കുകയാണ് 'മരിച്ചവരുടെ കല്യാണം' എന്ന ഈ ആചാരത്തിൽ എന്ന് പറയാവുന്നതാണ്. നാഗരികതയുടെ മുന്നേറ്റത്തിൽ മനുഷ്യന് നഷ്ടപ്പെട്ടുപോയ 'ഓർമ്മ' എന്ന ജൈവശക്തിയെയാണ് ഒരു തരത്തിൽ ഈ ചടങ്ങിലൂടെ ഗോത്രജനത നിലനിർത്തുന്നത് എന്ന് പറയാം. സംസ്കാരികത്തിന്റെയും മാനവികതയുടെയും നിലനില്പിന്റെ ചാലകശക്തിയാണ് ഒരർത്ഥത്തിൽ ഓർമ്മകൾ. കഥകളായും അനുഷ്ഠാനമായും മിത്തുകളായും ഓർമ്മകളെ മനുഷ്യരാശി പൈതൃകവും മൂലധനവുമായി സംരക്ഷിച്ചുപോരുന്നു. അനാദിയായ വർഗാനുഭൂതികളുടെ സഞ്ചിതസംസ്കാരമായ ഈ ഓർമ്മകളെത്തന്നെയാണ് യുങ് ആദിപ്രരൂപങ്ങൾ (ache types) എന്ന് വിളിച്ചത്. ഒരു ജനസമൂഹം പൊതുവിൽ പങ്കുവയ്ക്കുന്ന ഓർമ്മകളുണ്ട്. കുടുംബം, വ്യക്തി എന്നീ ഏകകങ്ങളിൽ മാത്രം കുടികൊള്ളുന്ന ഓർമ്മകളുമുണ്ട്. നാഗരികമായ ഒരു ജീവിതക്രമത്തിലേക്കു സംക്രമിച്ചപ്പോൾ കുടുംബത്തിലും വ്യക്തിബന്ധങ്ങളിലുമുള്ള സ്നേഹാർദ്രഭാവങ്ങൾക്കു മങ്ങലേറ്റു. സ്വാർത്ഥചിന്തകൾ, സുഖാനുഭൂതികളിലേക്കുള്ള നിരന്തരസഞ്ചാരങ്ങൾ ഇവയൊക്കെക്കൊണ്ട്, പലപ്പോഴും നാഗരിക മനുഷ്യനിൽ ഓർമ്മകൾ, കേവലം ഇമേജുകളായി മാത്രം ചുരുങ്ങുന്നു. എന്നാൽ മരിച്ചവരുടെ ഓർമ്മകളെ തങ്ങൾ ജീവിച്ചിരിക്കുവോളം സൂക്ഷിക്കുകയും പരലോകത്തും അവർ സുഖമായിരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന ഗോത്രസംസ്കൃതിയുടെ നിഷ്കളങ്കതയും മാനവികതയുമാണ് മരിച്ചവരുടെ കല്യാണമെന്ന കളിയും കാര്യവും നിറഞ്ഞ ചടങ്ങിൽ അന്തർഭവിക്കുന്നത്. സാഹിത്യ-കലാ ആഖ്യാനങ്ങളിൽ 'ഓർമ്മ' എന്നത് മുഖ്യവിഷയം തന്നെയാണ്. തെയ്യം പോലുള്ള അനുഷ്ഠാനകലകളും ഗതകാല ഓർമ്മകളുടെ പ്രതീകാത്മകമായ ആഖ്യാനമത്രേ. വേർപാടിന്റെയും കൂടിച്ചേരലിന്റെ കൂട്ടായ്മയുടെയും വികാരങ്ങൾ വിനിമയം ചെയ്യുന്ന മാധ്യമം ഓർമ്മയാണ്. ഒരർത്ഥത്തിൽ ഓർമ്മയെന്ന വൈകാരിക അടിത്തറയിൽ പടുത്തുയർത്തിയ മേല്പുരകളാണ് ജീവിതവും സംസ്കാരവും എല്ലാം തന്നെ. ഓർമ്മകളില്ലെങ്കിൽ, അതിൽ സ്നേഹവും ആർദ്രതകളും നിറയുന്നില്ലെങ്കിൽ വർത്തമാനജീവിതം യാന്ത്രികവും സ്വാർത്ഥതകൾ നിറഞ്ഞതുമാവും. കാഴ്ചയിൽ നിന്നുമാറുന്നതിനെ കാഴ്ചയിലേക്കു കൊണ്ടുവരാനും ദൂരങ്ങളെ ഇല്ലാതാക്കാനും നഷ്ടങ്ങളിൽ വ്യാകുലനാകാനും അവയെ അതിജീവിക്കാനുള്ള ശക്തി സംഭരിക്കാനും ഓർമ്മകൾക്ക് കഴിയുന്നു. നാഗരിക സമൂഹത്തിനു കൈമോശം വന്ന ഈ ഓർമ്മകളുടെ സ്നേഹമന്ത്രണത്തെ ഓർമ്മപ്പെടുത്തുന്ന ചടങ്ങാണ് മരിച്ചവരുടെ കല്യാണം. ഓർമ്മകൾക്കു സമർപ്പിച്ച കലയെന്നോ അനുഷ്ഠാനമെന്നോ മന്ത്രവാദമെന്നോ പറയാവുന്ന ചടങ്ങ്.

## Conclusion

കർണ്ണാടക സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന കാസറഗോഡ് ജില്ലയിലെ പ്രദേശങ്ങളിൽ നിരവധി ഗോത്രസമൂഹങ്ങൾ അധിവസിക്കുന്നുണ്ട്. മൊഗേർ, കോപ്പാളർ എന്നീ ഗോത്രപാരമ്പര്യം പിൻതുടരുന്ന ജനവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന വിചിത്രവും നിഗൂഢവുമായ ആചാരങ്ങളിൽ ഒന്നാണ് മരിച്ചവരുടെ കല്യാണം (Marriage of the dead) അകാലത്തിൽ മരിച്ചുപോയവരെ ഓർമ്മിക്കുകയും വിവാഹപ്രായമെത്തുമ്പോൾ മരിച്ചവരിൽ നിന്ന് തന്നെ യോജിച്ച ഇണയെ കണ്ടെത്തി വിവാഹം കഴിപ്പിക്കുകയും ചെയ്യുന്ന വിചിത്രമായ ചടങ്ങാണ് മരിച്ചവരുടെ കല്യാണം. ഇതൊരു മന്ത്രവാദം പോലെയാണ്. അടുത്തബന്ധുക്കളുടെ സാന്നിധ്യത്തിൽ മാത്രമാണ് ചടങ്ങ്. വരനും വധുവും മരിച്ചവരായിരിക്കും. ഒരേജാതിക്കാരാകണം. അനുവദനീയമായ കുടുംബത്തിൽപ്പെടുന്നവർ തമ്മിലേ വിവാഹം പാടുള്ളൂ. രക്തബന്ധം ഉള്ളവരോ സഹോദരബന്ധത്തിലുള്ളവരോ തമ്മിൽ വിവാഹം നിഷിദ്ധം. ജാതകവും നക്ഷത്രവും മുഹൂർത്തവും നോക്കുന്ന പതിവുണ്ട്. വിവാഹം ഉറപ്പിക്കലും അനുബന്ധ ചടങ്ങുകളുമെല്ലാം

ജീവിച്ചിരിക്കുന്ന ആളുകളുടെ വിവാഹം പോലെ തന്നെ. വരന്റെയും വധുവിന്റെയും കുടുംബപശ്ചാത്തലം ഒത്തുവരണം. ബന്ധുക്കൾക്കിടയിൽ യോജിപ്പും വേണം. മൂപ്പന്റെ അനുമതിയും ആശീർവാദവും വേണം. വരനും വധുവിനും പ്രായവ്യത്യാസവും വേണം. വധൂഗൃഹത്തിലായിരിക്കും വിവാഹചടങ്ങുകൾ. ചടങ്ങുകളെല്ലാം പ്രതീകാത്മകമാണ്.

ഇത്തരം വിവാഹം ഒരർത്ഥത്തിൽ കളിമട്ടായി തോന്നാമെങ്കിലും അവരെ സംബന്ധിച്ചിടത്തോളം അത്യന്തം ഗൗരവമാർന്നതാണ്. നാഗരികസമൂഹത്തിന്റെ യുക്തിയോടും വ്യവസ്ഥകളോടും യോജിക്കാത്തവരാണ് ഈ ഗോത്രജനവിഭാഗം. ഓരോ കർമ്മങ്ങൾക്കും അതിന്റേതായ യുക്തിയും ലക്ഷ്യവും അവർക്കുണ്ട്. അകാലത്തിൽ മരണമടഞ്ഞവരെ എത്ര നാൾ കഴിഞ്ഞാലും അവർ ഓർമ്മിക്കുന്നു എന്നതിന് തെളിവാണ് ഇത്. ഇഹലോകം പോലെ പരലോകവും അവരെ സംബന്ധിച്ച് യഥാർത്ഥമാണ്. മരണം തട്ടിയെടുത്തവരെ ജീവിച്ചിരിക്കുന്നവർ ഒരിക്കലും വിസ്മരിക്കുന്നില്ല. നാഗരികസമൂഹം ഓർമ്മകളെ മായ്ച്ചുകളയുന്നുവെങ്കിൽ ഇവിടുത്തെ ഗോത്രസമൂഹം ഓർമ്മകളെ തുടച്ചുവൃത്തിയാക്കിയെടുക്കുന്നു. ഓർമ്മകൾ സൂക്ഷിക്കുകയും ഭൗതികമായി ഇല്ലെങ്കിലും അവർക്ക് വ്യക്തിത്വം കൽപ്പിക്കുകയും ചെയ്യുന്നു ഗോത്രസമൂഹം പിൻതുടരുന്ന എല്ലാ ആചാരങ്ങളും ജീവിതത്തിന്റെ ജൈവികതയെ ഓർമ്മിപ്പിക്കുന്നു. അവരുടെ കർമ്മങ്ങൾ എല്ലാം പ്രത്യേകിച്ച് അതിഭൗതിക ചടങ്ങുകൾ ലോകത്തിന്റെ ക്ഷേമത്തെ കരുതിയുള്ളതായിരിക്കും. മരിച്ചവരുടെ കല്യാണം ആ അർത്ഥത്തിൽ കളിയോ മന്ത്രവാദമോ അല്ല. അതിന്റെ ചിഹ്നവ്യവസ്ഥയും യഥാതഥമായ ചടങ്ങുകളും എല്ലാം ദ്യോതിപ്പിക്കുന്നത് മരിച്ചുപോയവരോടുള്ള കരുതലാണ്. ആരും ഇഹലോകത്തിലോ പരലോകത്തിലോ ഏകാകികളായിരിക്കരുത്. അവിടെയും ഗോത്രമായും കുടുംബമായും തുണയോടെയും ജീവിക്കണമെന്ന ഗോത്രസങ്കല്പത്തിന്റെ പ്രഖ്യാപനമായും ഈ ആചാരത്തെ കാണാം. മരിച്ചുപോയവരുടെ ഓർമ്മകളെ മാത്രമല്ല വാർധക്യത്തിലെത്തിയ മാതാപിതാക്കളെ പോലും പെരുവഴിയിലും അനാഥാലയങ്ങളിലും ഉപേക്ഷിക്കുന്ന നാഗരികസമൂഹത്തിന്, നിഷ്കളങ്കരായ ഗോത്രസമൂഹങ്ങളുടെ ഈ ആചാരത്തിൽ നിന്ന് നിരവധി പാഠങ്ങൾ പഠിക്കാനുണ്ട്. അതാണ് മരിച്ചവരുടെ കല്യാണം എന്ന ഈ ചടങ്ങ് നാഗരികസമൂഹത്തിന്റെ മുന്നിൽ വയ്ക്കുന്ന യുക്തിയും ജ്ഞാനവും.

## References

Malinowsky. B., (1974) Magic Science and Religion, New york, Double Day Anchor Books.

Jung, C.G., (2001) Psychology and Religion, Routlegde and Kegan Paul, London.

Mathrubhoomi weekend magazine (2017) November 19.

Raveendran Padi, (2020) Thulunadu Mudrakal, Aa Books Kasargod, Kerala, India.

## Funding

No funding was received for conducting this study.

## Conflict of interest

The Author has no conflicts of interest to declare that they are relevant to the content of this article.

## About The License

© The author 2020. The text of this article is open access and licensed under a Creative Commons Attribution 4.0 International License

## Cite this Article

R. Chandrabose, An exploration of the Logic and wisdom behind the Marriage of the Dead, Indian Journal of Multilingual Research and Development, Vol 1, Iss 1 (2020) 34-40. DOI: https://doi.org/10.34256/ijmrd2015